പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 358 | 04/06/2018 ൽ മറുപടി നല്ലേണ്ടത്. |
|---|---|

**വ്യാജവെളിച്ചെണ്ണ വ്യാപകമാകുന്നതായ പരാതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.എം. കെ. മുനീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വ്യാജവെളിച്ചെണ്ണ വിപണിയിൽ വ്യാപകമാകുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കേരയുടെ ട്രേഡ് മാർക്കിൽ ചെറിയ വ്യത്യാസം വരുത്തി സമാനമായ പേരുകളിൽ വിപണികളിൽ വെളിച്ചെണ്ണ വിൽപന നടത്തുന്നത് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | ബി) | ഏതെങ്കിലും ഭക്ഷ്യവസ്തു ഉൾപ്പെടെയുള്ളവയുടെ ട്രേഡ് മാർക്കിൽ മാറ്റം വരുത്തുന്നതോ ദുരുപയോഗം ചെയ്യുന്നതോ സംബന്ധിച്ച് നിയമനടപടികൾ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് അധികാരമില്ല. കേരവെളിച്ചെണ്ണയുടെ ട്രേഡ് മാർക്കിൽ വ്യത്യാസം വരുത്തി വിൽപന നടത്തുന്ന വിഷയം കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുത്തി നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള സാമ്പിളുകളുടെ പരിശോധനാ ഫലത്തിൽ ശരീരത്തിന് ഹാനികരമായതും നിശ്ചിത ഗുണനിലവാരം ഇല്ലെന്നും ലാബുകളിലെ പരിശോധനകളിൽ കണ്ടെത്തുന്ന പക്ഷം ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുശാസിക്കുന്ന പ്രകാരം നിയമനടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ